WEDNESDAY 05/02/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** Suresh A R **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/02/2025

1. ഗവൺമെൻറ് ഓറഞ്ച് & ആൻറ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയുടെ നേതൃത്വത്തിൽ അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ് NATOURA '25 എന്ന പേരിൽ ഫെബ്രുവരി 6 മുതൽ 10 വരെ സംഘടിപ്പിക്കുന്നു. കാർഷികാനുബന്ധ പ്രദർശന വിപണന സ്റ്റാളുകൾ, സെമിനാറുകൾ, ശില്പശാലകൾ, ഫ്ളവർ ഷോ, പോളിഹൗസ് ഹൈടെക്ക് കൃഷി & ഓപ്പൺ പ്രിസിഷൻ ഫാമിംഗ് പ്ലോട്ടുകളുടെ സന്ദർശനം, സ്ട്രോബെറി കൃഷി, പാഷൻ ഫ്രൂട്ട് കൃഷി തുടങ്ങിയ പഴവർഗ കൃഷിയിട സന്ദർശനം, കാർഷിക ക്വിസ് മത്സരം, കുതിര സവാരി, കലാ കായിക മത്സരങ്ങൾ, കലാവിരുന്നുകൾ, ഭക്ഷ്യമേള തുടങ്ങിയവ സന്ദർശകർക്കായി ഫെസ്റ്റിൽ സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്കും വിദ്യാർത്ഥികൾക്കും ഉള്ള ക്വിസ് മത്സരങ്ങൾ, ഔഷധ സസ്യ കൃകൃഷിയും സംരക്ഷണവും എന്ന വിഷയത്തിലുള്ള സെമിനാർ, യുവ കർഷകർക്കായുള്ള ഹൈടെക്ക് കൃഷി പരിശീലന പരിപാടി, ഫാം ആൻറ് ഇക്കോ ടൂറിസം വർക്ക് ഷോപ്പ്, 'നെല്ലിയാമ്പതി ഇന്നലെ ഇന്ന് നാളെ' വിഷയത്തിലൂന്നിയുള്ള ഓപ്പൺ ഫോറം, വൈകുന്നേരങ്ങളിൽ കലാവിരുന്നുകൾ, വോളിബോൾ ടൂർണമെൻറ് മുതലായ വൈവിധ്യമാർന്ന പരിപാടികൾ ഇതോടനുബന്ധിച്ച് നടത്തപ്പെടുന്നു. ഈപരിപാടിയുടെ ഉദ്ഘാടന കർമ്മം 06.02.2025ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിക്കുന്നതാണ്. നെന്മാറ നിയോജകമണ്ഡലം എം.എൽ.എ. കെ .ബാബു ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുന്നു .

2. വിതുര ജഴ്സി ഫാമിൽ പച്ച ചാണകം ഒരു ടണ്ണിന് 1500/- രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9495582387.

3. റബ്ബറധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ ജില്ലാ വ്യവസായകേന്ദ്രങ്ങൾ നൽകുന്ന ധനസഹായ പദ്ധതികളെക്കുറിച്ചറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2025 ഫെബ്രുവരി 05 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കോട്ടയം ജില്ലാവ്യവസായകേന്ദ്രത്തിലെ അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 – 2576622.

പരിശീലന പരിപാടി

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'കൂൺ കൃഷി' എന്ന വിഷയത്തിൽ 2025 ഫെബ്രുവരി 6 ന്** ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300 രൂപ. താല്പര്യമുള്ളവർ 9400483754എന്ന ഫോൺ നമ്പറിൽ രാവിലെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഫെബ്രുവരി മാസം 10, 11 തീയതികളിൽ "ശുദ്ധമായ പാലുൽപ്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിൻറെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2025 ഫെബ്രുവരി 07 -)0 തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911 മേൽ വിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം -695004, Email ID: principaldtctvm@gmail.com

6. കേരള കാർഷിക സർവകലാശാലയുടെ കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി 20 ന്കൂ ൺ കൃഷിയെ കുറിച്ച് ഒരു ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 500 രൂപ ഫീസ് അടച്ച് 9446104347, 964521 9270 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് ഫെബ്രുവരി 7 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് അവസരം.

7. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി 10, 11 തീയതികളിൽ വാഴയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്ന നിർമ്മാണത്തെക്കുറിച്ചുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വാഴപിണ്ടിയിൽ നിന്നും ഹെൽത്ത് ഡ്രിങ്ക്സ്, ബനാന ഫിഗ്, ചെറു വാഴയിനങ്ങളിൽ നിന്നും ഹെൽത്ത് മിക്സ്, ബനാന ടോഫി, ഹൽവ, അച്ചാറുകൾ, കുക്കീസ് etc. എന്നീ ഉത്പന്നങ്ങളാണ് പരിശീലിപ്പിക്കുന്നത്. 1000 രൂപയാണ് ഫീസ്. താല്പര്യമുള്ളവർ0479-2959268, 2449268, 9447790268 എന്നീ ഫോൺ നമ്പറുകളിൽ മുൻകൂട്ടി വിളിച്ചു രജിസ്റ്റർ ചെയ്യുക.

8. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ഫെബ്രുവരി 10 മുതൽ 14 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **9446976726** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദ്ദേശം

9. നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ 2 മില്ലി മാലത്തിയോൺ അല്ലെങ്കിൽ അസാഡിറാക്ടിൻ 10 മില്ലി ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ, വൈകീട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം. അല്ലെങ്കിൽ പരാഗണത്തിനെ പ്രതികൂലമായി ബാധിക്കും.

തക്കാളിയിൽ വെള്ളിച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട് 2 ശതമാനം വീര്യമുള്ള വേപ്പണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനീസിലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക.ആക്രമണം രൂക്ഷമാണെങ്കിൽ തയോമെതോക്സാം 4 ഗ്രാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

മുളകിൽ ഇലപ്പേനിൻറെ ആക്രമണം കാണാൻ സാധ്യതയുണ്ട് 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്ക വിധം 10 ദിവസം ഇടവേളകളിലായി തളിക്കുക. ആക്രമണംരൂക്ഷമാണെങ്കിൽ ഇമിഡാക്ലോപ്രിട് 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.